# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3835 — 26.06.2012- ൽ മറുപടിക്ക്

**കൈത്തറി മേഖലയുടെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയുടെ റിവൈവൽ, റിഫോം & റിസ്ട്രക്ചറിംഗിനു വേണ്ടി കേന്ദ്രസർക്കാർ 2011-12-ൽ പ്രഖ്യാപിച്ച 3884 കോടി രൂപയുടെ പാക്കേജിൽ നിന്നും കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇതുവരെ എത്ര കോടി രൂപ ലഭ്യമാക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ; | (എ) കൈത്തറി സംഘങ്ങളിൽ നബാർഡിന്റെ സ്പെഷ്യൽ ഓഡിറ്റ് നടത്തിവരികയാണ്. ടി ആഡിറ്റ് പൂർത്തിയായാൽ മാത്രമേ എത്ര കോടി രൂപ സംസ്ഥാനത്തിന് ഈ പദ്ധതി പ്രകാരം ലഭിക്കും എന്നു പറയാൻ കഴിയുകയുള്ളു. സ്പെഷ്യൽ ഓഡിറ്റ് എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നടപ്പ് വർഷം എത്രകോടി രൂപ ഈ പദ്ധതിപ്രകാരം ലഭ്യമാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഏതെല്ലാം ഇനങ്ങളിലായിട്ടാണ് ഈ തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്നും കൂടി വെളിപ്പെടുത്താമോ? | (ബി) നബാർഡ്, സ്പെഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചതിനുശേഷം മാത്രമേ എത്രകോടി രൂപ ഈ പദ്ധതി പ്രകാരം ലഭിക്കുമെന്നു പറയാൻ കഴിയുകയുള്ളൂ. ഈ പദ്ധതി പ്രകാരം 31.3.10 ന് കുടിശ്ശികയായിട്ടുള്ള വായ്പയുടെ 100 ശതമാനവും എൻ.പി.എ ആകുന്നതു വരെയുള്ള പലിശയുടെ 25 ശതമാനവും ഒഴിവാക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ